(ബി) വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി ഒരു വർഷം മുമ്പ് തന്നെ ഉത്തരവ് നൽകിയിട്ടും ഇതു സംബന്ധിച്ച ഉത്തരവിറങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുവാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കണമെന്നാണ് 3-12-2014-ൽ ഉത്തരവായിട്ടുള്ളത്. എന്നാൽ ടി സ്ഥലത്ത് ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് ഗുണകരമാകില്ലായെന്ന് സാദ്ധ്യതാ പഠനത്തിലൂടെ ബോദ്ധ്യപ്പെട്ടതിനാൽ ടി ആവശ്യം പരിഗണിക്കുവാൻ കഴിയില്ല.

പുനലൂർ KSRTC ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ

398 (376) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ KSRTC ഡിപ്പോയിൽ നിന്നും താഴെപ്പറയുന്ന ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ജനപ്രതിനിധികളും, യാത്രക്കാരും, നാട്ടുകാരും ഇക്കാര്യങ്ങൾ സൂചിപ്പിച്ച് നൽകിയിട്ടുള്ള നിവേദനങ്ങളിൽ എന്ത നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ നിന്നും പാലക്കാട് വഴി കോയമ്പത്തൂർ സൂപ്പർഫാസ്റ്റ്;

(സി) പുനലൂർ നിന്ന് തിരുവനന്തപുരം വഴി പൊൻമുടിയിലേയ്ക്ക് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്;

(ഡി) ആര്യങ്കാവിൽ നിന്നും പുനലൂർ - അഞ്ചൽ - ആയൂർ വഴി വർക്കല ക്ഷേത്രം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്;

(ഇ) പുനലൂർ-തിരുവനന്തപുരം Low Floor AC സർവ്വീസ്; എന്നിവ ആരംഭിക്കുമോ?

ഉത്തരം

(എ) ലഭ്യമായ അപേക്ഷകളിന്മേൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെ ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ആവശ്യപ്പെട്ട സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) തമിഴ്നാട് സർക്കാരുമായുള്ള അന്തർ സംസ്ഥാന കരാറിൽ നിലവിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ബസ്സിന്റെ ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

(ഇ) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസ്സുകൾ അനുവദിക്കുന്നത്. ടി റിപ്പോർട്ട് പ്രകാരം പുനലൂർ ഡിപ്പോയ്ക്ക് എ.സി. ബസുകൾ അനുവദിച്ചിട്ടില്ല. ആയതിനാൽ പുനലൂർ-തിരുവനന്തപുരം ലോ ഫ്ളോർ എ.സി. സർവ്വീസ് ആരംഭിക്കുവാൻ നിർവാഹമില്ല.

K.S.R.T.C. കമ്പ്യൂട്ടർ ശൃംഖലയിൽ അനുമതിയുള്ള സൈറ്റുകൾ

399 (377) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) K.S.R.T.C.-യുടെ കമ്പ്യൂട്ടർ ശൃംഖലയിൽ ഓഫീസ് ഉപയോഗത്തിന് അനുമതിയുള്ള സൈറ്റുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) K.S.R.T.C.-യിൽ ഓഫീസുകളുടെ പ്രവർത്തനത്തിനായി മാത്രം ആവശ്യമുള്ള സൈറ്റുകൾ നിലനിർത്തുകയും മറ്റ് സൈറ്റുകൾ ബാർ ചെയ്യുന്നതിന് നിർദ്ദേശമുണ്ടോ; എങ്കിൽ പല ഓഫീസുകളിലും അത് ബാർ ചെയ്യാത്തതിനുള്ള കാരണം അറിയിക്കുമോ;

(സി) ആവശ്യമില്ലാത്ത സൈറ്റുകൾ ബാർ ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ട്രാൻസ്പോർട്ട് ഭവനിൽ "ഫോർട്ടി ഗേറ്റ്" എന്ന സുരക്ഷാ ഉപകരണം ഉപയോഗിച്ച് അനാവശ്യ വെബ്സൈറ്റുകളെല്ലാം ബാർ ചെയ്തിട്ടുണ്ട്. യൂണിറ്റുകളിലെ ഓഫീസ് കമ്പ്യൂട്ടറുകളിൽ "ചെക്ക് പോയിന്റ്" എന്ന സുരക്ഷാ ഉപകരണം ഉപയോഗിച്ച് ആവശ്യമില്ലാത്ത വെബ്സൈറ്റുകൾ ബാർ ചെയ്തിട്ടുണ്ട്. എന്നാൽ ജി.പി.ആർ.എസ്. സംവിധാനത്തോടുകൂടിയ പുതിയ ഇ.ടി.എമ്മുകൾ നടപ്പിലാക്കുന്നതിന് ബി.എസ്.എൻ.എൽ.-ന്റെ നേരിട്ടുള്ള ഇൻറർനെറ്റ് കണക്ഷനാണ് നൽകിയിട്ടുള്ളത്. ഇതിനുപയോഗിക്കുന്ന കമ്പ്യൂട്ടറുകളിൽ മറ്റു സൈറ്റുകൾ ബാർ ചെയ്തിട്ടില്ല.

(സി) നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly